بسم الله الرحمن الرحيم

# FRIDAY SERMON / വെള്ളിയാഴ്ച ഖുത്തുബ 16.01.2015
## (24 RABI'UL AWWAL 1436 Hijiri)
## Hazrat Khalifathullah Munir Ahmad Azim (A)

സലാമിനുശേഷം തശഹ്ഹുദ്, തഅവ്വദ്, സൂറ: അൽഫാത്തിഹ ഓതിയ ശേഷം ഹസ്രത് മുഹ്‌യിദ്ദീൻ (അ) പറഞ്ഞു.

എന്റെ ഇന്നത്തെ ഖുത്തുബയിലെ പ്രധാന വിഷയം മാതാപിതാക്കൾക്ക് തങ്ങളുടെ മക്കളോടുള്ള ഉത്തരവാദിത്വങ്ങളും കടമകളും എന്നതാണ്. ഞാൻ ആ വിഷയത്തിലേക്ക് പ്രവേശിക്കുന്നതിനുമുമ്പ് പാരീസിലുണ്ടായ **"ചാർലി ഹെബ്ഡോ"** ആക്രമണത്തെക്കുറിച്ച് ഏതാനും വാക്കുകൾ പറയുവാൻ ആഗ്രഹിക്കുന്നു.

**<u>പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) നെ ഹാസ്യ ചിത്രീകരണത്തിന് പാത്രമാക്കുകയും, അതേ തുടർന്ന് കുറ്റവാളികൾക്കുണ്ടായ അനന്തരഫലങ്ങളും :-</u>**

2015 ജനുവരി 7-ാം തീയതി ബുധനാഴ്ച ഫ്രാൻസിലെ **"ചാർലി ഹെബ്ഡോ"** എന്ന പത്ര സ്ഥാപനത്തിലെ ജീവനക്കാരെ, ചിലർ നിറയൊഴിച്ച സംഭവം നിങ്ങൾക്കെല്ലാവർക്കും അറിവുള്ളതാണല്ലോ. 12 പേർ തൽക്ഷണം മരിക്കുകയുണ്ടായി. ഫ്രാൻസിന്റെ മണ്ണിൽ വെറുപ്പുളവാക്കുന്ന രക്തം ചിന്തലായി ന്യൂസ് ചാനലുകളും, മറ്റു മീഡിയകളും റിപ്പോർട്ട് ചെയ്യുകയുണ്ടായി. പതിവുപോലെ, ഈ പൈശാചിക കൃത്യത്തെയും അതു ചെയ്തവരെയും ആക്ഷേപിക്കുന്നതിനും പകരം, ഇസ്‌ലാം ആക്ഷേപിക്കപ്പെടുകയാണുണ്ടായത്.

പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) നെ അപവാദപ്പെടുത്തി കാർട്ടൂൺ രചന നടത്തിയപ്പോൾ, ഏതാണ്ട് 2006-2011 കാലഘട്ടത്തിൽ, ഞാനൊരു പ്രവചനം നടത്തുകയുണ്ടായി; വ്യക്തമായ ഒരു മുന്നറിയിപ്പ് നൽകുകയുണ്ടായി. **"ഇസ്‌ലാമിന്റെ പരിശുദ്ധ പ്രവാചകന്റെ പരിശുദ്ധിയെ കളങ്കപ്പെടുത്തി കളിക്കുന്നവരെ പരമോന്നതനായ അല്ലാഹു ശിക്ഷിക്കുന്നതാണ്"** എന്ന്. ആശയം പ്രകടിപ്പിക്കുവാനുള്ള സ്വാതന്ത്ര്യം ഒരു കാര്യമാണ് ; എന്നാൽ ആശയം പ്രകടിപ്പിക്കാനുള്ള സ്വാതന്ത്ര്യത്തിന്റെ പേരിൽ ഒരു മതത്തിന്റെ ഹൃദയത്തിൽ അപവാദം പരത്തുകയെന്നത് മറ്റൊരു കാര്യമാണ്. ഇസ്‌ലാമിന്റെ പരിശുദ്ധ പ്രവാചകനായ മുഹമ്മദ് (സ) ന് എതിരിലുള്ള ഒരു അപവാദത്തേയും, കണ്ടില്ലായെന്ന് നടിക്കുവാൻ എനിക്ക് കഴിയുകയില്ല. എന്റെ അവസാന ശ്വാസം വരെയും, അദ്ദേഹത്തിന്റെ മഹത്വത്തെ സംരക്ഷിക്കുന്നതിനുള്ള എല്ലാ ശ്രമങ്ങളും തുടർന്നുകൊണ്ടിരിക്കുന്നതാണ്.

ഇസ്‌ലാം ഒരു സമാധാന മതമാണ്. അതെ അതു തികച്ചും സമാധാനമതം തന്നെയാണ്. മതത്തെ ആദരിക്കുകയും, ജനാധിപത്യത്തെ ആശ്ലേഷിക്കുകയും ചെയ്യുന്ന ഒരുപിടി ആളുകൾ, പരമോന്നതനായ ദൈവത്തെയും, അവന്റെ പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) നെയും കളങ്കപ്പെടുത്തുന്നത് കാണുമ്പോൾ നാം നിങ്ങളോട് പറയട്ടെ ലോകമെമ്പാടുമുള്ള മുസ്‌ലീങ്ങളുടെ വികാരങ്ങൾക്ക് മുറിവേൽപ്പിക്കുന്നത് വളരെ പരിതാപകരമായ കാര്യം തന്നെയാണ്. ഇസ്‌ലാമിനോടും പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) നോടുമുള്ള ശത്രുതകൊണ്ട് മാത്രമാണ് അങ്ങനെ ചെയ്യുന്നത് ! ലോകത്ത് സമാധാനം പ്രബോധിക്കുന്ന ഒരു മതത്തെ - അതെ ഇസ്‌ലാമിന്റെ സംശുദ്ധമായ പ്രതിഛായയെ ഒരു ചാർളിയിലൂടെ നശിപ്പിക്കാം എന്ന് കരുതുകയാണോ ? അതിന്റെ മേൽ ശത്രുതയും മ്ലേച്ഛതയും കോരി നിറയ്ക്കാമെന്ന് കരുതുകയാണോ ? ഞങ്ങൾ എത്രകണ്ട് സമാധാനം പ്രബോധിക്കുന്നുവോ അത്രകണ്ട് ഞങ്ങൾ ഭീകരരാണ് എന്ന് മുദ്രകുത്തുകയാണ്. ഞങ്ങളുടെ പരിശുദ്ധമായ മതത്തെ പിശാചിന്റെ മതമെന്ന് വിശേഷിപ്പിക്കുന്നു. (ദൈവം കാക്കട്ടെ)

സാധാരണ ഗതിയിൽ, ഇത്തരം അതിക്രൂരമായ പ്രവൃത്തികളെ ഒരിക്കലും ന്യായീകരിക്കുകയില്ല. എന്നാൽ ഇതിൽ ഇവിടെ ഒരു പ്രവചനത്തിന്റെ പൂർത്തീകരണം കാണുകയാണ്. ഇസ്‌ലാമിന്റെയും പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) ന്റെയും മഹത്വത്തിനായി ഞങ്ങളുടെ ഹൃദയരക്തം തുടിച്ചുകൊണ്ടിരിക്കുകയാണ്. ദൗർഭാഗ്യകരമെന്ന് പറയട്ടെ ഫ്രാൻസിലെയും, ഡെൻമാർക്കിലെയും ലോകത്തിന്റെ മറ്റു ഭാഗങ്ങളിലുമുള്ള ഒരുപിടി

സാമൂഹ്യവിരുദ്ധർ, ഇസ്‌ലാമിനും പ്രവാചകനായ മുഹമ്മദ് (സ) നും എതിരിൽ വ്യാപകമായ പ്രചാരണം നടത്തിക്കൊണ്ടിരിക്കുന്നു. അതായത് ഇസ്ലാം ലോകത്ത് ഭീകരതയും, അക്രമവും നടത്തുകയും, അതിനെ പ്രോത്സാഹിപ്പിക്കുകയും, ചെയ്തുകൊണ്ടിരിക്കുന്ന മതമാണ് എന്ന്. മുഹമ്മദ് അതിന്റെ നേതാവാണെന്നും ! ഞാൻ അതിലാണ് ദൈവകോപം ദർശിക്കുന്നത് ! ലോകത്ത് ദൈവത്തിന്റെ ഒരു പ്രവാചകൻ താൻ പ്രഖ്യാപിച്ച പ്രവചന പൂർത്തീകരണം അതും ജനുവരി 7 ന്, ഇത് ദൈവദൂതന്റെ സത്യതയിലേക്കുള്ള തെളിവുകൂടിയാണ്. നീതി നടപ്പാക്കുവാൻ, തീർച്ചയായും, ദൈവം താൻ തന്നെ ഭൂമിയിലേക്ക് വരാറില്ല. ഈ അതിക്രൂരമായ പ്രവൃത്തിയിൽ ഞാൻ അപലപിക്കുന്നത് മുഹമ്മദ് (സ) യുടെ ഹാസ്യ കാർട്ടൂണുമായി യാതൊരു ബന്ധവുമില്ലാത്ത, നിരപരാധികളായ ആളുകളുടെ ജീവൻ പൊലിഞ്ഞതിനെയാണ്. നിശ്ചയമായും ഇസ്‌ലാമിനും മുസ്‌ലീംങ്ങൾക്കും പൊതുവിൽ ക്രിസ്തുമതത്തോടോ, മറ്റിതര മതങ്ങളോടോ യാതൊരു വെറുപ്പും വൈരവും ഇല്ല. എന്നാൽ ഞങ്ങൾ ഞങ്ങളുടെ മതത്തെ അതായത് ഇസ്ലാമിനെയും അതിന്റെ പ്രവാചകൻ മുഹമ്മദ് (സ) ന്റെ മഹത്വത്തിന്റെയും സംരക്ഷണത്തിനായി ഞങ്ങൾ എപ്പോഴും തയ്യാറാണ്. യഥാർത്ഥ കുറ്റവാളികൾക്കെതിരിലാണ് പോരാട്ടം ! നിരപരാധികളായ സാധാരണ ജനങ്ങളോടല്ല ! അവർക്കാണെങ്കിൽ ഞങ്ങളുടെ മതത്തോട് ആദരവും അനുകമ്പയും മാത്രമാണുള്ളത്.!

വാഗ്ദത്ത മസീഹ് മിർസാ ഗുലാം അഹ്മദ് (അ) ഉം ഇസ്‌ലാമിനും മുഹമ്മദ് (സ) നും എതിരിലുള്ള ആക്രമണങ്ങളെ സധൈര്യം നേരിട്ടിട്ടുണ്ട്. അത് പ്രകാരം ഈ വിനിതനും ചെയ്യേണ്ടതുണ്ട്. നമ്മുടെ പ്രിയങ്കരരായ പ്രവാചകൻ മുഹമ്മദ് (സ) നെ ആക്ഷേപിച്ചവരോട് അദ്ദേഹം അക്രോശിച്ചു. **"നജ്മുൽഹുദാ"** എന്ന തന്റെ പുസ്തകത്തിൽ അദ്ദേഹം എഴുതി. "ഇതിനെ ഖണ്ഡിക്കുവാൻ ഞാൻ കല്പിക്കപ്പെട്ടിരിക്കുന്നു; മധുരതരവും, സമാധാനപരവുമായി വിപ്ലവം സൃഷ്ടിക്കുവാൻ ഞാൻ ആജ്ഞാപിക്കപ്പെട്ടിരിക്കുന്നു. തിന്മയെ തിന്മകൊണ്ടല്ല. മാന്യതയുടെ എല്ലാ അതിർവരമ്പുകളും മറികടന്ന് പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) നെ നിരാകരിക്കുകയും മോശപ്പെടുത്തുകയും ചെയ്യുമ്പോൾ ഒഴികെ ! ക്രിസ്ത്യൻ വിഭാഗത്തിന് പൊതുവിൽ അപകീർത്തികരമായ ലേഖനം പ്രസിദ്ധീകരിക്കുകയെന്നത് എന്റെ ലക്ഷ്യമല്ല. അവരെ അപമാനിക്കലോ അപകീർത്തിപ്പെടുത്തലോ എന്റെ മാർഗ്ഗവുമല്ല. ഈ വാക്കുകളിലൂടെ ഞാൻ ഉദ്ദേശിക്കുന്നത് നേരിട്ടോ അല്ലാതെയോ പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) നെ അപകീർത്തിപ്പെടുത്തുന്നവരെ മാത്രമാണ് ഉദ്ദേശിക്കുന്നത്.

അതെ ഈ ജിഹാദ് (പരിശുദ്ധ യുദ്ധം) തോക്കുകൊണ്ടല്ല എന്നത് എത്രയും വ്യക്തമാണ്; ഭൗതികമായ ഏതെങ്കിലും ഒരു ആയുധം കൊണ്ടുമല്ല. ഞങ്ങളുടെ ആയുധം പ്രാർത്ഥനയാണ്; സർവ്വശക്തനോട് ; കുറ്റവാളികൾക്ക് അവരുടെ ശത്രുതയ്ക്കും അപവാദത്തിനും എന്ത് ശിക്ഷ നൽകണമെന്ന് സർവ്വജ്ഞനായ ദൈവത്തിന് അറിയാം. ഞങ്ങൾ ദുർബ്ബലരാണ്. അല്ലാഹു ഒരിക്കലും ദുർബ്ബലനല്ല. ഏത് സമയത്ത് എവിടെ വച്ച് അവന്റെ പദ്ധതികൾ നടപ്പിലാക്കണമെന്ന് അവനറിയാം. സത്യം എവിടെയാണെന്ന് ലോകത്തിന് ബോധ്യം വരത്തക്കനിലയിൽ ! പ്രത്യേകിച്ച് ഒരു ദൈവീക ദൃഷ്ടാന്ത സമയത്ത് ; ഒരു ദൈവദൂതന്റെ സാന്നിദ്ധ്യത്തിൽ, അല്ലാഹുവിന്റെ ഖലീഫയുടെ സാന്നിദ്ധ്യത്തിൽ, ഏറ്റവും നന്നായി അറിയുന്നവൻ അല്ലാഹു മാത്രമാകുന്നു. പെട്ടെന്ന്, വളരെ പെട്ടെന്ന് ഓരോ വ്യക്തിയും തന്റെ നിശ്ചിത സമയം ; നിശ്ചിത വിധി അറിയുക തന്നെ ചെയ്യും.

**<u>ഒരൽപം ഉപദേശം :–</u>** അല്ലാഹുവിന്റെ പരിശുദ്ധ മതത്തെ അപമാനിക്കരുത്; അല്ലാഹുവിന്റെ പ്രവാചകന്മാരെയും അപമാനിക്കരുത് ! ഈശ്വര നിന്ദയ്ക്ക് നിങ്ങൾ കനത്ത വില നൽകേണ്ടി വരും. നിങ്ങളെ കഷണം കഷണമാക്കി ഒടുവിൽ നിങ്ങളിൽ ഒന്നും തന്നെ അവശേഷിക്കാത്ത തരത്തിൽ അവനാക്കി തീർക്കും. ഓർക്കുക ! ഈ ലോക ജീവിതം താൽക്കാലികമാണ് ! അനന്തമായിട്ടുള്ളത് പാരത്രിക ലോകജീവിതമാണ്. വരും ലോകത്തിൽ കഷ്ടത അനുഭവിക്കുന്നതിനെക്കാൾ ഉത്തമമായിട്ടുള്ളത് ഈ താത്ക്കാലിക ലോകത്തിൽ അനുഭവിക്കുന്നതാണ്. ആയതിനാൽ അല്ലാഹുവിനും അവന്റെ പ്രവാചകന്മാർക്കും എതിരിൽ നിൽക്കരുത്. പ്രത്യേകിച്ച് മാനവകുലത്തിന്റെ സർവ്വശ്രേഷ്ഠനായ അവന്റെ പ്രിയപ്പെട്ട ദൂതൻ ഹസ്രത് മുഹമ്മദ് (സ) ന് എതിരിൽ !

**<u>എന്താണ് അഭിപ്രായ പ്രകടന സ്വാതന്ത്ര്യം ?</u>** നിങ്ങളുടെ സഹ മനുഷ്യരുടെ മതത്തിനെ ആക്ഷേപിക്കുന്നതാണോ അഭിപ്രായ പ്രകടന സ്വാതന്ത്ര്യം ! സ്വതന്ത്രമായി താൻ ഇഷ്ടപ്പെടുന്നതെന്തും പ്രകടിപ്പിക്കുവാനുള്ള സ്വാതന്ത്ര്യം അനുവദിക്കപ്പെട്ടാൽ, ദൈവം കാക്കട്ടെ ! ഫ്രാൻസിലും യൂറോപ്യൻ രാജ്യങ്ങളിലും മറ്റ് ലോക രാജ്യങ്ങളിലും ഉള്ളവർ നഗ്നരായി നടക്കുവാൻ തുടങ്ങിയാൽ, ഒരു ധാർമ്മികതയുമില്ലാതെ ! എന്തായിരിക്കും ഫലം. അവരുടെ സംരക്ഷണയിലുള്ള കൊച്ചുകുട്ടികളെ വളർത്തി വലുതാക്കുന്നവരുടെ പ്രതികരണം എന്തായിരിക്കും ?

ആ കുട്ടികൾ നാളത്തെ മുതിർന്നവരായി തീരുന്നതാണ്. ഈ കാര്യത്തെ ക്രിസ്ത്യൻസും മറ്റു മത വിശ്വാസികളും എങ്ങനെയായിരിക്കും കാണുന്നത് ? കുഴപ്പമുണ്ടാവില്ലേ ? സർവ്വോപരി, അവരുടെ ശരീരത്തിലുള്ളത് പ്രകടിപ്പിക്കുവാനുള്ള സ്വാതന്ത്ര്യം അവർക്കില്ലേ ? എന്ന് ചോദിച്ചാൽ ആർക്കെങ്കിലും അവരെ തടഞ്ഞ് നിറുത്തുവാൻ പറ്റുമോ ? എന്തിനാണ് അവരെ തടയുന്നത് ? അവർ പറയുകയാണ് ഇത് ഞങ്ങളുടെ പ്രകടന സ്വാതന്ത്ര്യമാണ്. നിങ്ങൾക്ക് എന്ത് ചെയ്യുവാൻ സാധിക്കും ?

ആയതിനാൽ, എനിക്ക് നിങ്ങളോടും ലോകത്തോടും പറയുവാനുള്ളത്, എല്ലാത്തിനും ഒരു പരിധിയുണ്ടായിരിക്കണം. അത് ലംഘിക്കുവാൻ പാടില്ല. അത് അഭിപ്രായ പ്രകടനമായാലും ശരി. ആ പരിധി ആദരിക്കപ്പെടുന്നില്ലെങ്കിൽ, അല്ലാഹു (ത) പ്രകടിപ്പിക്കുവാനുള്ള സ്വാതന്ത്ര്യം ആകുന്ന ആയുധം അവർക്കെതിരിലും പ്രയോഗിക്കുന്നതാണ് ; അവരുടെ ചീഞ്ഞളിഞ്ഞ മനസ്സുകൾക്കും പ്രകടന സ്വാതന്ത്ര്യങ്ങൾക്കുമെതിരിൽ ! ഇസ്ലാമിൽ ഉള്ളതുപോലെ ഇസ്ലാമിന്റെ തെറ്റായ ചിത്രം വരയ്ക്കുവാൻ ശ്രമിക്കുന്ന ധാരാളം പരിധിലംഘകരുണ്ട്. എല്ലാ മതങ്ങളിലും അത്തരം പരിധി ലംഘകരുണ്ട്. അവരുടെ മതങ്ങൾ അവരോട് ചെയ്യുവാൻ കൽപിച്ചതിന തീതമായി ചെയ്യുന്നവർ ; ചാർലി ഹെബ്ഡോ ഉൾപ്പടെ ആ കാല്പാദങ്ങൾ പിന്തുടരുന്നവരും ! ചാർലിഹെബ്ഡോയുടെ മേൽ ആക്രമണം ഉണ്ടായപ്പോൾ, വാർത്ത മാധ്യമങ്ങൾ പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) യുടെ മേൽ മഹാ അന്യായമായ കാർട്ടൂണുകളുമായി പുറത്തുവന്നു. അങ്ങനെ അവരുടെ ഭവനങ്ങളിൽ കൂടുതൽ രക്തം ചിന്തൽ ക്ഷണിച്ചുവരുത്തുകയുണ്ടായി ; അവർ തീകൊണ്ടാണ് കളിക്കുന്നത് ; അവർക്ക് നല്ലതുപോലെ അറിവുള്ളതാണ് ; ഇത് ഒരിക്കലും അവസാനിക്കാത്ത, അപകടകരമായ സാഹചര്യമാണ് അവർ ക്ഷണിച്ചുവരുത്തുന്നത് ; മറ്റുള്ളവരുടെ വിശ്വാസത്തെ പരിഹസിക്കുന്നതിലൂടെയും അവരോട് തെറ്റു ചെയ്യുന്നതിലൂടെയും ! ഏത് മതത്തിലും ഇത് സംഭവിക്കാം. അവരുടെ ആളുകൾ തന്നെ അവരെ വെടിവെച്ചിടുന്ന സംഭവം വിദേശികളോ മറ്റോ അല്ലാ ഇത് ചെയ്യുന്നത് ! എന്നാൽ ഇത് പ്രത്യേകിച്ച് 2001 സെപ്റ്റംബർ 11 മുതൽ അവരുടെ കണ്ണുകളിൽ ഇസ്ലാം എല്ലായിപ്പോഴും ആക്ഷേപിക്കപ്പെട്ടിട്ടുണ്ട്. പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) നിരപരാധിയാണെങ്കിൽ പോലും ! മുസ്ലീംങ്ങൾ നിരപരാധികളാണെങ്കിൽ പോലും ! പരിപൂർണ്ണ മതമായ ഇസ്ലാം നിരപരാധിയാണെങ്കിൽ പോലും !

അല്ലാഹു (ത) അവന്റെ മതത്തെ ആദരപൂർവ്വം കാത്തുരക്ഷിക്കട്ടെ ! അവന്റെ പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) നെയും ! ആമീൻ.

മൗറീഷ്യസിലും റോഡ്ഗ്രിസിലും ആഞ്ഞുവീശിയ കൊടുങ്കാറ്റിനെക്കുറിച്ച് ഖലീഫത്തുല്ലാഹ് പരാമർശിക്കുകയും ദു ആ ചെയ്യുവാൻ ആവശ്യപ്പെടുകയും ചെയ്തു.

### ***മാതാപിതാക്കൾക്ക് തങ്ങളുടെ കുട്ടികളോടുള്ള ഉത്തരവാദിത്വങ്ങളും കടമകളും :-***

ഇക്കാലത്ത് രക്ഷിതാക്കൾ തങ്ങളുടെ മക്കൾക്ക് ഭൗതിക വിദ്യാഭ്യാസത്തിനാണ് കൂടുതൽ ശ്രദ്ധ നൽകുന്നത്. കുട്ടികളുടെ ജനനം മുതൽ തന്നെ ഇക്കാര്യത്തിൽ രക്ഷിതാക്കൾ എല്ലാവിധ തയ്യാറെടുപ്പുകളും നടത്തുന്നുണ്ട്. ഇവിടെ, മൗറീഷ്യസിൽ, മൂന്ന് വയസ്സ് പ്രായമുള്ളപ്പോൾതന്നെ കുട്ടികളെ പ്രീപ്രൈമറി സ്കൂളിൽ പ്രവേശിപ്പിക്കുന്നു. 5 വയസ്സാകുമ്പോൾ അവരെ പ്രൈമറി സ്കൂളിൽ പ്രവേശിപ്പിക്കുന്നു. അതേ തുടർന്ന് സെക്കണ്ടറി സ്കൂളിലും ഒടുവിൽ സർവ്വകലാ ശാലയിലും. അത് പ്രാദേശികമാകാം വിദേശത്തുമാകാം. രക്ഷിതാക്കൾ കടം എടുത്തും പഠിപ്പിക്കുവാൻ തയ്യാറാണ് ! അവർക്ക് ഒരു ഡിഗ്രിയോ ഡിപ്ലമയോ ലഭിക്കുവാനായി. അവരുടെ ഭൗതിക ഭാവി സുരക്ഷിതമാക്കുവാൻ ധാരാളം പണം ചെലവഴിക്കുവാൻ അവർ സദാ തയ്യാറാണ്. വീടുകൾ പണയം വെച്ചോ വസ്തുക്കൾ പണയം വെച്ചോ, കാശുണ്ടാക്കി തങ്ങളുടെ മക്കളെ ഡോക്ടർമാരോ, എഞ്ചിനീയർമാരോ, വക്കീൽമാരോ ആക്കിതീർക്കുന്നതിനുവേണ്ടി ത്യാഗം വരിക്കുവാൻ അവർ തയ്യാറാണ്. വളരെ അഭിമാനത്തോടെയാണ് അവർ ഇക്കാര്യങ്ങൾ ചെയ്യുന്നത്.

ഈ പരിശ്രമങ്ങളൊക്കെ നല്ലതു തന്നെ. ഞാൻ ഇതിനെ ആക്ഷേപിക്കുന്നില്ല. എന്നാൽ നിങ്ങൾ രക്ഷിതാക്കൾ കുട്ടികളുടെ ഭൗതിക വിദ്യാഭ്യാസം മാത്രം നോക്കിയാൽ പോരാ. നിങ്ങൾ ഇത് ചെയ്യുമ്പോൾ, നിങ്ങൾ ഈ ലോകത്തെ കൂടുതൽ ആകർഷകമായി കാണുന്നു, സമൂഹത്തിൽ നിങ്ങൾക്ക് ഇന്ന ഡോക്ടറുടെ രക്ഷകർത്താവാണ് ; ഇന്ന വക്കീലിന്റെ രക്ഷകർത്താവാണ് എന്നൊക്കെയുള്ള സ്തുതിഘോഷങ്ങൾ ലഭിക്കാം. ഈ ഭൗതിക ഔന്നത്യത്തിലെത്തിക്കാൻ നിങ്ങൾ വളരെയധികം കടങ്ങൾ വരുത്തിയിട്ടുണ്ടാകും. വസ്തുതകൾ ഇങ്ങനെയൊ

ക്കെയാണെങ്കിലും നിങ്ങൾ ചെയ്ത ത്യാഗങ്ങൾക്ക് നിങ്ങളുടെ മക്കൾ നന്ദിയുള്ളവരായിരിക്കണമെന്നില്ല. നിങ്ങളെ അവർ അവഗണിച്ചേക്കാം. നിങ്ങളെ ഒരു അപ്രധാന വ്യക്തിയായി കരുതിയേക്കാം. നിങ്ങളുടെ മക്കൾ ഒരു ഡോക്ടർ, എഞ്ചിനീയർ, വക്കീൽ തുടങ്ങിയവ ആയി തീർന്നതിൽ വിജയിച്ചിട്ടുണ്ടെങ്കിലും, അവന്റെ മതപരമായ കാര്യങ്ങളിൽ അവൻ സീറോ ആയി തീരുന്നു. നിങ്ങൾ ഇക്കാര്യത്തിന് അൽപം പോലും പ്രാധാന്യം കൊടുക്കുന്നില്ലെങ്കിലും, രക്ഷിതാക്കൾ എന്നനിലയിൽ, വളരെ ഗൗരവപൂർവ്വം കാണേണ്ട കാര്യമാണിത്. നിങ്ങളുടെ മകൻ നന്ദിയില്ലാത്തവനായി തീർന്നാൽ / അഥവാ മതവുമായി യാതൊരു ബന്ധവുമില്ലാത്തവനായി തീർന്നാൽ, മെഡിക്കൽ ഡിഗ്രിയും നിയമ ബിരുദവും നേടിയെങ്കിലും, നമസ്ക്കരിക്കുന്നില്ലെങ്കിൽ, ഖുർ ആൻ പാരായണം അവഗണിക്കുകയാണെങ്കിൽ, ഇസ്ലാം മതവുമായി ഒട്ടും തന്നെ ബന്ധപ്പെടുന്നില്ലെങ്കിൽ, നിങ്ങളുടെ ഹൃദയത്തിൽ ഒരു ഖേദം ഉണ്ടായി തീരില്ലേ ? പേരിൽ മാത്രം മുസ്ലീം ആയി തീർന്നാൽ അത് നിങ്ങളെ ബാധിക്കില്ലേ ? അപ്പോൾ, ഈ അവസ്ഥയ്ക്ക് കാരണം ആരാണ് ? അവന് ഇസ്ലാമികമായ ജ്ഞാനം നൽകിയിരുന്നെങ്കിൽ എന്ന് നിങ്ങൾ ആഗ്രഹിക്കില്ലേ ? ദീനിപരമായ കാര്യങ്ങളിൽ അൽപം പരിശീലനം നൽകിയിട്ടുണ്ട്. അത് കേവലം നമസ്ക്കാരം പഠിപ്പിക്കൽ മാത്രമല്ല എന്ന് ചിന്തിച്ചിട്ടുണ്ടോ ? പ്രാർത്ഥന കൃത്യസമയത്ത് ചെയ്യുന്നില്ലെങ്കിൽ - സമയം കിട്ടുമ്പോൾ മാത്രം ഖുർ ആൻ അൽപം വായിക്കുക - ഇതുകൊണ്ട് അവന് എല്ലാ ഇസ്ലാമിക അധ്യാപനങ്ങളും ലഭിക്കുന്നില്ല എന്ന് മനസ്സിലാക്കണമായിരുന്നു.

നമ്മുടെ കുട്ടികളെ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരാക്കുമ്പോൾ, അവർക്ക് രോഗത്തെക്കുറിച്ച് മനസ്സിലാക്കുവാനും ചികിത്സിക്കുവാനും സാധിക്കുന്നു. നാം അവരെ നല്ല മുസ്ലീങ്ങളായി തീർത്താൽ അവർക്ക് ആത്മീയ രോഗങ്ങൾ മനസ്സിലാക്കുവാനും അവയെ ചികിത്സിച്ചു ഭേദമാക്കുവാനും കഴിയും. നല്ല വക്കീൽമാരാക്കി നമ്മുടെ മക്കളെ മാറ്റാൻ നമുക്ക് സാധിക്കുന്നു. രാജ്യത്തിന്റെ നിയമവും ഭരണഘടനയും അവർ മനസ്സിലാക്കുന്നു. ശിക്ഷാ നിയമങ്ങൾ മനസ്സിലാക്കുന്നു. വാദപ്രതിവാദങ്ങൾ മനസ്സിലാക്കുന്നു. നമുക്ക് അവരെ നല്ല ഇസ്ലാമിക നിയമജ്ഞൻമാരാക്കി മാറ്റുവാൻ കഴിഞ്ഞോ ? ഇസ്ലാമിക നിയമങ്ങൾ അനുസരിച്ച് വാദിക്കുവാനും സത്യം സ്ഥാപിക്കുവാനും കഴിയുന്നോ ?

അല്ലാഹുവിന്റെ അനുഗ്രഹത്താൽ, നമുക്ക് സത്യസന്ധരായ നിയമജ്ഞരുണ്ടായിരുന്നെങ്കിൽ, അതേ സമയം അവർ ജമാ അത്തിലെ നല്ല ഇസ്ലാമിക കർമ്മ ശാസ്ത്രജ്ഞൻമാരുമാണെങ്കിൽ, ജമാ അത്തിന്റെ കേന്ദ്ര കമ്മിറ്റിയിൽ അവരും ഭാഗവാക്കാവുകയുമാണെങ്കിൽ, അപ്പോൾ അത്തരം ആളുകൾ അനീതിക്കെതിരെ ശബ്ദിക്കുകമായിരുന്നു; അഴിമതിക്കെതിരെ ശബ്ദിക്കുമായിരുന്നു. ഭൗതിക കോടതികളിൽ അവർ വാദിക്കുന്നതുപോലെ സത്യത്തിനുവേണ്ടിയുള്ള വാദമുഖങ്ങൾ അവർ നിരത്തുമായിരുന്നു. ഇസ്ലാമിക നിയമമനുസരിച്ച് പോരാടുവാൻ അവർ തയ്യാറാകുമായിരുന്നു. ജമാഅത്തിന്റെ ട്രഷറിയിൽ കയ്യിട്ട് ലക്ഷാധിപതികളാകുന്നവരെ പുറത്തുകൊണ്ടുവരുമായിരുന്നു. അധികാരം ദുർവിനിയോഗം ചെയ്യുന്നവർക്കെതിരെ പോരാടുമായിരുന്നു. മറ്റുള്ളവരുടെ അവകാശങ്ങൾക്കുവേണ്ടി ശബ്ദമുയർത്തുമായിരുന്നു. ഇസ്ലാമിക നിയമത്തിന് വിരുദ്ധമായ നിസ്സഹകരണത്തിനെതിരെ പോരാടുമായിരുന്നു. അത്തരം നിയമജ്ഞർ സത്യസന്ധമായി പെരുമാറുന്നവരും ഇസ്ലാമിക നിയമമനുസരിച്ച് പ്രവർത്തിക്കുന്നവരുമായിരിക്കും.

ഭൗതികവിജ്ഞാനം തന്റെ കുട്ടിക്ക് നൽകുകയും, ആത്മീയ ജ്ഞാനം നൽകാതിരിക്കുകയും ചെയ്യുന്ന രക്ഷകർത്താവ് നിശ്ചയമായും നാളെ സർവ്വലോക രക്ഷിതാവായ അല്ലാഹുവിന്റെ മുമ്പിൽ കണക്ക് ബോധിപ്പിക്കേണ്ടി വരുന്നതാണ്.

അല്ലാഹു (ത) തന്റെ അനുഗ്രഹങ്ങൾ മനുഷ്യർക്കു നൽകുമ്പോൾ അവൻ അവരെ പരീക്ഷിക്കുന്നു. താൻ സൃഷ്ടിച്ച തന്റെ സൃഷ്ടി തന്നിൽ നിന്നുള്ള അനുഗ്രങ്ങൾ സ്വീകരിച്ച ശേഷം തന്റെ ഉത്തരവാദിത്വങ്ങൾ നിറവേറ്റേണ്ടുന്ന രീതിയിൽ നിറവേറ്റിയോ എന്ന് നോക്കുന്നതാണ്. അല്ലാഹു (ത) ഒരാൾക്ക് ധനം നൽകിയശേഷം ആ ധനം നല്ല വഴിയിൽ ചിലവഴിക്കുന്നുവോ അതോ ഇല്ലയോ എന്ന് അവൻ അവനെ പരീക്ഷിക്കുന്നതാണ്.

അല്ലാഹു (ത) കുട്ടികളെ നൽകിയ ശേഷം, രക്ഷിതാക്കൾ ഏറ്റവും നല്ല വിദ്യാഭ്യാസം അവർക്ക് നൽകുന്നുണ്ടോ എന്ന് പരീക്ഷിക്കുകയാണ്. രക്ഷിതാക്കൾ തങ്ങളുടെ ഉത്തരവാദിത്വങ്ങൾ എത്രത്തോളം പൂർത്തിയാക്കുന്നു ? കുട്ടിയുടെ ജീവിതത്തിൽ രക്ഷിതാക്കൾ വഹിക്കുന്ന പങ്കെന്ത് ? അതിലൂടെ ആ കുട്ടി തന്റെ സമുദായത്തിന് പ്രകാശമായി തീരുന്നുവോ ? തന്റെ പ്രവർത്തനങ്ങളിലൂടെ രാജ്യത്തിന് പ്രയോജനം ചെയ്യുന്നുവോ ? തന്റെ ബുദ്ധിയും സൽസ്വഭാവങ്ങളും തനിക്കും മറ്റുള്ളവർക്കും പ്രയോജനകരമായി തീരുന്നുവോ ? ഇതൊക്കെ

പരീക്ഷിക്കപ്പെടുകയാണ്.

വിശുദ്ധ ഖുർ ആന്റെ അധ്യാപനങ്ങൾ തങ്ങളുടെ കുട്ടികൾക്ക് പകർന്ന് നൽകാത്ത രക്ഷിതാക്കൾ, അവരിലൂടെ അല്ലാഹു നടത്തുന്ന പരീക്ഷണത്തിൽ വിജയിക്കുന്നില്ല. ഈ പരീക്ഷയിൽ വിജയിക്കുന്നവർ, തങ്ങളുടെ സന്താനങ്ങളെ നല്ല ഗുണങ്ങളാൽ അലങ്കരിക്കുന്നവരാണ്. അങ്ങനെ അവൻ ഒരു നല്ല വിശ്വാസി (മുഅ്മിൻ) ആയി തീരുന്നു.

പരമോന്നതനായ അല്ലാഹു വിശുദ്ധ ഖുർ ആനിൽ പറയുന്നു. **"നിങ്ങളുടെ ധനവും നിങ്ങളുടെ സന്താനങ്ങളും ഒരു പരീക്ഷണം മാത്രമാകുന്നു. എന്നാൽ, അല്ലാഹുവിങ്കലത്രെ മഹത്തായ പ്രതിഫലം "** (65:16)

അബൂ അയൂബ് ഇബ്ന് മൂസാ (റ) തന്റെ പിതാമഹനിൽ നിന്ന് റിപ്പോർട്ട് ചെയ്യുന്നു. ഹസ്രത്ത് മുഹമ്മദ് (സ) പറഞ്ഞു. **" ധാർമ്മിക ശിഷ്ടാചാരങ്ങൾ തന്റെ കുട്ടിക്ക് പകർന്നു നൽകുന്നതിനെക്കാൾ വലിയ കാര്യങ്ങളൊന്നും തന്നെ ഒരു പിതാവിന് തന്റെ കുട്ടിക്ക് നൽകാനില്ല." (തിർമിദി)**

മാതാപിതാക്കൾക്ക് തങ്ങളുടെ കുട്ടിയോട് വളരെ വലിയ ഉത്തരവാദിത്വങ്ങൾ ഉണ്ട്; എല്ലാ സാഹചര്യങ്ങളിലും ഉപാധിരഹിതമായ സ്നേഹം പകർന്നു നൽകേണ്ടതാണ്. അവനെ വളർത്തിക്കൊണ്ട് വരുന്നതിന് ഏറ്റവും നല്ല നിലയിൽ വർത്തിക്കേണ്ടതാണ്. ഒരു രക്ഷിതാവ് അറിഞ്ഞിരിക്കേണ്ട കാര്യമാണ്, അതായത് ഒരു കുട്ടി ജനിച്ചു കഴിഞ്ഞാൽ ഇസ്ലാമിന്റെ നിയമമനുസരിച്ച് അവൻ ഒരു അഖീഖ നൽകേണ്ടതാണ്. (അഖീഖ : ഒരു കുട്ടി ജനിക്കുമ്പോൾ ഒരു മൃഗത്തെ ബലിഅർപ്പിക്കുക) അത് ജനിച്ച് 7 നോ 14 നോ 21 നോ നിർവ്വഹിക്കേണ്ടതാണ്. എന്നിട്ട് അവന് ഒരു നല്ലപേരും നല്കുക. അതേ സമയം നിങ്ങളുടെ കുട്ടിക്ക് മോശം അർത്ഥം വരുന്ന പേര് നൽകിയാൽ അത് അവനിൽ വിപരീത ഫലം ഉളവാക്കുന്നതാണ്.

കാര്യങ്ങൾ മനസ്സിലാക്കുവാനുള്ള സമയമെത്തിയാൽ രക്ഷിതാവിന് നിർബന്ധമായ കാര്യമാണ് ഖുർആൻ പഠിപ്പിക്കുകയെന്നത്. അവന് മതപരമായ അധ്യാപനങ്ങൾ നൽകുകയെന്നത്. നല്ല പ്രവൃത്തികൾ ചെയ്യുന്നതിന് അവനെ പ്രേരിപ്പിക്കുക. തെറ്റായ കാര്യങ്ങൾ ചെയ്യുന്നതിൽ നിന്നും തടയുക എന്നത് അല്ലാഹു (ത) കൽപ്പിച്ച കാര്യങ്ങളാണ്. രക്ഷിതാക്കൾ തങ്ങളുടെ സമയം അവർക്കായി കണ്ട് എത്തേണ്ടതാണ്. താൽപര്യവും ശ്രദ്ധയും തങ്ങളുടെ കുട്ടികളോട് ഉണ്ടായിരിക്കണം. ചെറുകുട്ടികൾ ഒഴിഞ്ഞ പേപ്പർ പോലെയാണ്. എന്താണോ ആ മനസ്സിൽ പതിയുന്നത് അത് എപ്പോഴും അതിൽ നിഴലിക്കും. പ്രഥമവിദ്യാലയം മാതാവിന്റെ കരങ്ങൾ തന്നെയാണ്. അവന്റെ വിദ്യാഭ്യാസം അലംകൃതമാകുന്നത് അവിടെ നിന്നാണ്. അത് അവനിൽ അനുകൂലമായോ പ്രതികൂലമായോ പ്രതിഫലനങ്ങൾ ഉളവാക്കും. അത് അവന്റെ വ്യക്തിത്വത്തിലും സ്വഭാവങ്ങളിലും പ്രതിബിംബിക്കും. ഇസ്ലാമിന്റെ അധ്യാപനങ്ങളനുസരിച്ച് തങ്ങളുടെ മക്കളെ ഉയർത്തിക്കൊണ്ട് വരേണ്ടത് മാതാക്കളുടെ കടമയാണ്. തീർച്ചയായും ഇത് വളരെ പ്രാധാന്യം അർഹിക്കുന്ന കാര്യം തന്നെയാണ്.

തന്റെ കുട്ടിക്ക് പകർന്നു നൽകുവാൻ ഇസ്ലാമിക അധ്യാപനങ്ങളൊന്നും മാതാവിലില്ലെങ്കിൽ എന്ത് ചെയ്യും എന്നത് ഒരു പ്രധാന ചോദ്യമാണ്. ഇക്കാരണത്താലാണ് നമ്മുടെ പ്രിയ പ്രവാചകൻ മുഹമ്മദ് (സ) പറഞ്ഞത് ഒരാൾ വിവാഹിതാനാകുമ്പോൾ അവൻ അവളിലുള്ള നാല് കാര്യങ്ങളും ഗുണങ്ങളുമാണ് പരിഗണിക്കുന്നത്. ആ നാലിൽ നിങ്ങൾ ഈശ്വര ഭക്തിയെ തെരഞ്ഞെടുക്കുക. എന്തുകൊണ്ട് ? കാരണം അവൾ ഭാവിയിലെ മാതൃത്വത്തെ പ്രതിനിധീകരിക്കുന്നു. ആയതിനാൽ അവളുടെ കുട്ടികളുടെ പ്രഥമാധ്യാപിക അവളായിരിക്കും.

കുട്ടിക്ക് ഏഴ് വയസ്സു പ്രായമാകുമ്പോൾ, അവന്/ അവൾക്ക് ശുചീകരണം പഠിപ്പിച്ചുകൊടുക്കണം. (അംഗശുദ്ധിയും കുളിയും) നമസ്ക്കാരം നിർവ്വഹിക്കുന്ന സ്വഭാവം രക്ഷിതാക്കൾ അവരിൽ വളർത്തണം. അങ്ങനെ അവൻ പത്ത് വയസ്സിലെത്തുമ്പോൾ, നമസ്ക്കാരം നിർവ്വഹിക്കുന്നതിൽ അവൻ അലസത കാട്ടിയാൽ, രക്ഷകർത്താക്കൾ അവരോട് കർശനനിലപാടുകൾ സ്വീകരിക്കേണ്ടതാണ്. ഹസ്രത്ത് മുഹമ്മദ് (സ) ഓർമ്മിപ്പിച്ചു. അവന് ആവശ്യമായ തിരുത്തലുകൾ നൽകേണ്ടതാണ്. അവന് പ്രത്യേകമായി കിടക്കയും സാധനങ്ങളും നൽകേണ്ടതാണ്. ഇപ്പോൾ മുതിർന്നവരും, വിവാഹിതരും, പിതാമഹന്മാരായവരും പോലും നമസ്ക്കരിക്കുന്നില്ല. എന്തൊരു അപമാനമാണ് ! പിന്നെങ്ങനെയാണ് കുട്ടികൾ പഠിക്കുന്നത് ? മുതർന്നവർ അവരുടെ മുമ്പിൽ മാതൃകയായി തിളങ്ങുന്നില്ലെങ്കിൽ ! മറ്റു കുട്ടികളുമായി ഇടപഴകുന്ന കാര്യത്തിലും ഒരു ശ്രദ്ധ വേണം. ഏത് രീതിയിലുള്ള കുട്ടികളുമായിട്ടാണ് തങ്ങളുടെ കുട്ടികൾ ബന്ധപ്പെടുന്നത് ; കളിക്കുന്നത് എന്നും രക്ഷകർത്താക്കൾ മനസ്സിലാക്കിയിരിക്കണം.

തങ്ങളുടെ എല്ലാ മക്കൾക്കും തങ്ങളുടെ ധനം പങ്കുവെയ്ക്കേണ്ടതാണ്. ഇസ്ലാമിന്റെ നിയമപ്രകാരം തങ്ങളുടെ അനന്തരാവകാശ സ്വത്ത് ആൺകുട്ടികൾക്കും, പെൺകുട്ടികൾക്കും പങ്കു വെയ്ക്കേണ്ടതാണ്. ഇസ്ലാമിൽ അനന്തരാവകാശ സ്വത്ത് 2:1 ക്രമത്തിലാണ്. ആൺകുട്ടിക്ക് രണ്ട് കിട്ടുമ്പോൾ പെൺകുട്ടിക്ക് ഒന്ന് കിട്ടുന്നു. ഉദാഹരണമായി 45000/-രൂപ വീതിക്കുമ്പോൾ ആൺകുട്ടിക്ക് 30000/- രൂപയും പെൺകുട്ടിക്ക് 15000/- രൂപയും ലഭിക്കുന്നു.

രക്ഷിതാക്കൾ മനസ്സിലാക്കേണ്ട മറ്റൊരു കാര്യം തങ്ങളുടെ ധനം വീതിക്കുമ്പോൾ ഒരു കുട്ടിക്കും പ്രത്യേക പരിഗണന നൽകേണ്ടതില്ല. ഒരു രക്ഷകർത്താവ് തന്റെ അനന്തരാവകാശ സ്വത്ത് വീതിക്കാതിരുന്നാൽ അത് ഗുരുതരമായ തെറ്റാണ്. വിധിനാളിൽ അല്ലാഹുവിന്റെ മുമ്പിൽ വളരെ വിഷമത്തോടെ കണക്ക് ബോധിപ്പിക്കേണ്ടി വരുന്നതാണ്.

കുട്ടികൾ വിവാഹപ്രായമെത്തിയാൽ, ഇസ്ലാം മതത്തിൽ നിന്നും അവരെ വിവാഹിതരാക്കേണ്ടതാണ്. ഇസ്ലാമിക മൂല്യങ്ങൾ ഉള്ള കുടുംബത്തിൽ നിന്നുമായിരിക്കണം. മറ്റ് മതസ്ഥരിലുള്ള വിവാഹം ഒഴിവാക്കേണ്ടതാണ് ; ഇസ്ലാമിൽ നിന്നും വിവാഹാഭ്യർത്ഥന ഒന്നും വരുന്നില്ലെങ്കിൽ പോലും ! ഇപ്പോൾ കാണുന്നത്, യുവാക്കൾ തങ്ങളുടെ ജീവിത പങ്കാളിയെ തങ്ങളുടെ മതത്തിൽ പെടാത്തവരെയും തെരഞ്ഞെടുക്കുന്നു. അവരോ, അല്ലാഹുവിനെ കൂടാതെ മറ്റു ദൈവങ്ങളെ ആരാധിക്കുന്നവരും ! അവർ ആധുനിക അനിസ്ലാമിക ജീവിതം നയിക്കുന്നവരാണ് ! മുസ്ലീങ്ങൾക്കുപരി അവർ നോക്കുന്നത് സൗന്ദര്യവും ജോലിയുമാണ്. ഇത് അവരെ അൽപം പോലും അലോസരപ്പെടുത്തുന്നില്ല. ആയതിനാൽ രക്ഷിതാക്കൾ ഇതംഗീകരിക്കുവാൻ പാടില്ല ! അംഗീകരിച്ചാൽ അവർ അവരുടെ സന്താനങ്ങളെ സ്വന്തം കയ്യാൽ തീയിൽ വലിച്ചെറിയുന്നതിനു തുല്യമാണ്. മറ്റൊരു രീതിയിൽ പറഞ്ഞാൽ അത്തരം രക്ഷകർത്താക്കൾ തങ്ങളുടെ സന്താനങ്ങളെ ജീവനോടെ കുഴിച്ചുമൂടുന്നവരാണ് ! എന്ന് പറയാം. ഇത്തരം വിവാഹങ്ങൾ ദൈവീക അനുഗ്രഹങ്ങൾ ഇല്ലാത്തതാണ്. ഇത്തരം വിവാഹങ്ങളുടെ അനന്തര ഫലങ്ങൾ എന്താണെന്ന് കാലം തെളിയിക്കേണ്ടതാണ്. ആയതിനാൽ ഓരോ രക്ഷകർത്താവും തങ്ങളുടെ മേൽ ഇസ്ലാം ഭരമേൽപ്പിച്ചിരിക്കുന്ന ഉത്തരവാദിത്വം എന്തെന്ന് മനസ്സിലാക്കിയിരിക്കണം. നിങ്ങളുടെ കുട്ടികളോടുള്ള ഉത്തരവാദിത്വങ്ങൾ നിങ്ങൾ നിറവേറ്റിയോ ഇല്ലയോ എന്ന് നിങ്ങൾ സ്വയം തീരുമാനിക്കേണ്ടതാണ്. അവനെ നിങ്ങൾ ഇസ്ലാമിന്റെ മൂസയിൽ വാർത്തെടുത്തോ ഇല്ലയോ ? ഇല്ലായെന്നാണ് നിങ്ങളുടെ ഉത്തരമെങ്കിൽ നിങ്ങൾ അനീതിയാണ് ചെയ്തുകൊണ്ടിരിക്കുന്നതെന്നു മനസ്സിലാക്കണം. അവരുടെ അവകാശങ്ങളാണ് നിങ്ങൾ കവർന്നെടുക്കുന്നത്.

അല്ലാഹുവിനെയും അവന്റെ റസൂലിനെയും അനുസരിക്കാതെ, അവർ ചെയ്യുന്ന പാപങ്ങൾ, ഈ ശാപം നിങ്ങളിൽ ദിവസവും എത്തിക്കൊണ്ടിരിക്കും എന്നത് ഒരു വസ്തുതയാണ്. അല്ലാഹുവിനെയും അവന്റെ റസൂലിനെയും അനുസരിക്കാത്ത ഇത്തരം സന്താനങ്ങളെ സഹിക്കാതിരിക്കുന്നതാണ് നല്ലത്. ആയതിനാൽ അല്ലയോ രക്ഷിതാക്കളെ നിങ്ങളുടെ കുട്ടി ഈ ലോകത്തും പരലോകത്തും പ്രസിദ്ധനായി തീരുവാൻ നിങ്ങളാഗ്രഹിക്കുന്നുവെങ്കിൽ, അവന് ആദ്യം മുതലെ അസ്തിത്വമുള്ള ഇസ്ലാമിക അധ്യാപനങ്ങൾ നൽകുക ; അതോടൊപ്പം ഭൗതിക വിദ്യാഭ്യാസവും നൽകുക. എന്നിട്ട് അവർ നല്ല ഡോക്ടർമാരും എഞ്ചിനീയർമാരും നിയമജ്ഞരും മറ്റും മറ്റും ആകട്ടെ ! അതോടൊപ്പം അവർ നല്ല മുസ്ലീങ്ങളുമായിരിക്കട്ടെ ! ഇൻശാ അല്ലാഹ് ! അവരുടെ ജീവിതം ഇസ്ലാമിന്റെ യഥാർത്ഥ രൂപത്തിലായിരിക്കും; അല്ലാഹുവും അവന്റെ റസൂലും പഠിപ്പിച്ച രീതിയിൽ തന്നെ ! ഇൻശാ അല്ലാഹ്. ആമീൻ !

*******


**Translated & Issued By**

**R. Jamaludin Raother**

**Amir**

Jamaat-Ul-Sahih-Al-Islam, Kerala South zone

*Ph: 9447001832 / 0475 2220223*

*email : jamal.raother@gmail.com*

*www.jamaat-Ul-Sahih-Al-Islam.com*